**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2732** **24-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ നിക്ഷേപ യജ്ഞം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | 2023-24 സാമ്പത്തിക വർഷം സഹകരണ നിക്ഷേപ യജ്ഞത്തിലൂടെ സഹകരണ ബാങ്കുകൾ സമാഹരിച്ച നിക്ഷേപം സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ; | (എ) | "സഹകരണ നിക്ഷേപം നവകേരള നിർമ്മിതിക്കായി" എന്ന മുദ്രാവാക്യത്തോടെ ആരംഭിച്ച 44-ാമത് നിക്ഷേപ സമാഹരണ ക്യാമ്പയിന്റേയും അംഗത്വ ക്യാമ്പയിന്റേയും കാലാവധി 2024 ജനുവരി 10 മുതൽ 2024 ഫെബ്രുവരി 12 വരെ ആയിരുന്നു. 2023-24 സാമ്പത്തിക വർഷം സഹകരണ നിക്ഷേപ യജ്ഞത്തിലൂടെ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ സമാഹരിച്ച നിക്ഷേപം സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ക്രമ നം. ജില്ല 12.02.2024 വരെ ലഭിച്ച പുതിയ നിക്ഷേപം (കോടിയിൽ)<br><br>1 തിരുവനന്തപുരം 1171.6527<br><br>2 കൊല്ലം 1341.1134<br><br>3 പത്തനംതിട്ട 526.8957<br><br>4 ആലപ്പുഴ 835.9829<br><br>5 കോട്ടയം 1238.5709<br><br>6 ഇടുക്കി 307.196<br><br>7 എറണാകുളം 1304.228<br><br>8 തൃശ്ശൂർ 1169.4856<br><br>9 പാലക്കാട് 1398.0793<br><br>10 മലപ്പുറം 2692.1444<br><br>11 കോഴിക്കോട് 4347.3921<br><br>12 വയനാട് 287.7051<br><br>13 കണ്ണൂർ 2569.7613 |

| | | | |
|---|---|---|---|
| | | | 14 കാസർഗോഡ് 865.2175<br><br>15 കേരള സംസ്ഥാന സഹകരണ ബാങ്ക് 3208.31<br><br>**ആകെ 23263.7349** |
| (ബി) | സംസ്ഥാനത്തെ ചില സഹകരണ ബാങ്കുകളുടെ അനാസ്ഥമൂലം ജനങ്ങളെ സഹകരണ മേഖലയ്ക്ക് എതിരാക്കുന്നതിനു ചില കേന്ദ്രങ്ങൾ നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ ചില സഹകരണ ബാങ്കുകളുടെ അനാസ്ഥ മൂലമുണ്ടായ സംഭവങ്ങളെ പെരുപ്പിച്ചുകാട്ടി സഹകരണ മേഖലയെ തകർക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് പൊതുജനങ്ങളെയും നിക്ഷേപകരേയും ബോദ്ധ്യപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രമുഖ സഹകാരികളുടെ നേതൃത്വത്തിൽ പത്രസമ്മേളനം, അംഗങ്ങളുടെ ഭവന സന്ദർശനം, സഹകാരി സംഗമം, സഹകരണ സംഘം ജീവനക്കാരുടെ നേതൃത്വത്തിൽ പ്രചരണം എന്നിവ സംഘടിപ്പിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ടും ക്രമക്കേടുകൾ തടയുന്നതിനുമായി പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിൽ ഭരണ പ്രതിപക്ഷ ഭേദമന്യേ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കുകയുണ്ടായി. പ്രസ്തുത ബില്ലിന് ബഹുമാനപ്പെട്ട സംസ്ഥാന ഗവർണ്ണറുടെ അംഗീകാരം ലഭ്യമായിട്ടുള്ളതാണ്. ടി നിയമ ഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരള സഹകരണ ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും താലൂക്ക് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി പൈലറ്റ് അടിസ്ഥാനത്തിൽ പത്തനംതിട്ട, തൃശ്ശൂർ എന്നീ ജില്ലകളിൽ ടീം ഓഡിറ്റ് ആരംഭിക്കുകയും ടി പദ്ധതി വൻ വിജയമായതിനെ തുടർന്ന് എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.<br><br>സഹകരണസംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടിലെ പ്രധാനപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്കടക്കം |

| | | | |
|---|---|---|---|
| | | | പരിശോധനയ്ക്ക് ലഭ്യമാകുന്നതിനായി Co-operative Audit Monitoring & Information System(CAMIS) എന്ന ഡാഷ് ബോർഡ് സേവനം www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാണ്. സംഘങ്ങളുടെ അംഗത്വം, നിക്ഷേപം, വായ്പ, ലാഭം/നഷ്ടം തുടങ്ങിയ വിവരങ്ങൾ ഇതിലൂടെ അറിയാൻ കഴിയുന്നതാണ്. സഹകരണമേഖലയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ഇടപാടുകാർക്കും അംഗങ്ങൾക്കും സ്ഥാപനത്തെ കുറിച്ച് കൂടുതൽ അറിയുന്നതിനും ഈ സേവനം സഹായിക്കുന്നു.<br><br>സഹകരണ നിയമപ്രകാരമുള്ള അന്വേഷണങ്ങളിലോ പരിശോധയിലോ ആഡിറ്റിലോ ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ 50/2021 നമ്പരായി സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സഹകരണ സ്ഥാപനങ്ങളിൽ പൊതു ധനത്തിന്റേയോ ആസ്തികളുടേയോ തിരിമറികൾ ശ്രദ്ധയിൽപെട്ടാൽ പ്രസ്തുത ക്രമക്കേടിൽ ഉൾപ്പെട്ടിട്ടുള്ള തുകകൾ എത്രതന്നെയായാലും ക്രിമിനൽ നടപടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അന്വേഷണം നടത്തുന്നതിന് ക്രമക്കേട് ശ്രദ്ധയിൽപ്പെട്ട സഹകരണ സ്ഥാപനത്തിന്റെ ആസ്ഥാന ആഫീസിന്റെ പരിധിയിൽ വരുന്ന ലോക്കൽ പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണെന്ന് പ്രസ്തുത സർക്കുലറിൽ നിഷ്കർഷിക്കുന്നു. |
| (സി) | സഹകരണ ബാങ്കുകളിലെ നിക്ഷേപം യഥാസമയം തിരിച്ച് നൽകുന്നതിന് ഉതകുന്നതരത്തിൽ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | സഹകരണ ബാങ്കുകളിലെ/സംഘങ്ങളിലെ നിക്ഷേപം യഥാസമയം തിരിച്ചു നൽകുന്നതിന് ഉതകുന്ന ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**<u>1. കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി</u>**<br><br>പ്രവർത്തന ക്ഷമമായ പദ്ധതികൾ/ സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളെ പുനരാസൂത്രണം ചെയ്യുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുകയും പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണസംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ സാഹചര്യത്തിൽ പ്രവർത്തനം നിലച്ചതും എന്നാൽ |

പ്രവർത്തന സാധ്യതയുള്ളതുമായ സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ ലക്ഷ്യങ്ങളോടെ 1969 ലെ കേരള സഹകരണ നിയമം ചട്ടം 53 ന്റെ ഭേദഗതി നടത്തി കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി എന്നപേരിൽ ഒരു പദ്ധതി രൂപീകരിക്കുന്നതിന് 16.04.2023 ലെ സ.ഉ(സാധാ)നം.234/2023/സഹ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**<u>2. കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി -2018</u>**

1969 ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപം തിരികെ നൽകുന്നതിനുള്ള സഹകരണ വകുപ്പിന്റെ പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി. ലിക്വിഡേറ്റ് ചെയ്ത സംഘത്തിലെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായിട്ടാണ് തുക നൽകുന്നത്.

ഒരു സംഘം വിവിധ കാരണങ്ങളാൽ തകർച്ചയിലേയ്ക്ക് പോകുന്നുവെന്ന് സഹകരണ വകുപ്പ് കണ്ടെത്തി സംഘത്തിന്റെ അപേക്ഷയും അംഗീകരിച്ച തിരിച്ചടവ് ഷെഡ്യൂൾ, പുനരുദ്ധാരണ പാക്കേജ് എന്നിവ സഹിതം സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്ത് സമർപ്പിക്കുന്ന മുറയ്ക്ക് സംഘത്തിന്റെ സെക്യൂരിറ്റികൾ/ആസ്തികൾ ഈടായി സ്വീകരിച്ചുകൊണ്ട് നിക്ഷേപകർക്ക് നിക്ഷേപം മടക്കിനൽകുന്ന ആവശ്യത്തിലേയ്ക്കായി നിശ്ചിത തുക ടി സംഘത്തിന് വായ്പയായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി -2018 പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ